ക്കാരും തമ്മിലുള്ള സംഘട്ടനങ്ങളും വളരെയധികം വർദ്ധിച്ചു വരികയായിരുന്നു. ഒരു കാരണവശാലും ഇങ്ങനെയുള്ള സംഘട്ടനങ്ങളും അനുവദിക്കുന്നതല്ല. അതിനാവശ്യമായ നടപടികളും സ്വീകരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

III ശ്രദ്ധ ക്ഷണിക്കൽ

(1) റിബേറ്റ് ഗ്രാന്റ് നൽകാത്തതുമൂലം നെയ്യാറിൻകര താലൂക്കിലെ സഹകരണ സംഘങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, നെയ്യാറിൻകര താലൂക്കിലെ പന്ത്രണ്ട് സർക്കിളുകളും തിരുവനന്തപുരം താലൂക്കിലെ വിഴിഞ്ഞം സർക്കിളും ഉൾപ്പെടെയുള്ള പതിമൂന്ന് കൈത്തറി സർക്കിളുകളിൽ ഉൾപ്പെട്ട 140 സഹകരണ സംഘങ്ങളെ ബഹുമാനപ്പെട്ട മന്ത്രി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി റിബേറ്റ് ഗ്രാന്റ് പൂർണ്ണമായി തടഞ്ഞിരിക്കുന്നു. അദ്ദേഹം നിയമസഭയിൽത്തന്നെ പറഞ്ഞത് 140 സഹകരണ സംഘങ്ങളും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങളും എത്രയെണ്ണമുണ്ട്, സഹകരണ സംഘങ്ങളുടെ രജിസ്റ്റർ അനുസരിച്ചുള്ള കൈത്തറിയുടെ നമ്പർ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് കഴിയുന്നില്ല എന്നാണ്. കാരണം ഒരു കേസ് നിലവിലുണ്ട്. അതുകൊണ്ട് പരിശോധിക്കാൻ കഴിയുന്നില്ലെന്നാണ് മന്ത്രി പറയുന്നത്. സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ആ അവകാശവാദം ഒരു ശതമാനം പോലും ശരിയല്ല. കാരണം നടപ്പ് സഹകരണ വർഷത്തിന്റെ ആദ്യത്തെ മാസം ഈ പ്രദേശത്തെ മുഴുവൻ കൈത്തറി സഹകരണ സംഘങ്ങളുടെയും തറിയുടെ നമ്പർ പരിശോധിക്കുകയും അതിന്റെ എണ്ണം എത്രയെന്ന് കണ്ടുപിടിക്കുകയും അതനുസരിച്ച് ഓരോ സഹകരണ സംഘത്തിനും നിങ്ങളുടെ തറി നമ്പർ ഇത്രയെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിക്കുന്നതിനുവേണ്ടി ആ സർട്ടിഫൈഡ് കോപ്പിയുടെ ഫോട്ടോസ്റ്റാറ്റ് അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. അതുകൊണ്ട് കൈത്തറി വെരിഫൈ ചെയ്യാൻ കഴിയുന്നില്ലെന്നു പറയുന്ന വാദഗതി ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുകയില്ല. വീണ്ടും വെരിഫിക്കേഷൻ വേണമെന്ന് പറയുന്നത് ഇക്കാര്യം നീട്ടിക്കൊണ്ട് കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് ഗ്രാന്റ് നിർത്തി വയ്ക്കാൻ വേണ്ടിമാത്രമാണ്.

സർ, വീണ്ടും നോട്ടിഫിക്കേഷൻ വേണമെന്നു പറയുന്നത് ഈ കാര്യം നീട്ടിക്കൊണ്ടുപോയി ഈ കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് ഗ്രാന്റ് നിരുത്തിവയ്ക്കാൻ വേണ്ടിമാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ രണ്ടാമത്തെ വാദഗതി യാൺ ഡിപ്പോയിൽ നിന്നും നൂൽവാങ്ങുന്നതിനു പകരം ബില്ല് മാത്രം വാങ്ങി, നൂൽ വാങ്ങിച്ചിട്ടില്ലെന്നാണ്. ബാലരാമപുരത്തുള്ള നാല് യാൺ ഡിപ്പോകളും നൂൽ വാങ്ങുന്നതിനുള്ള അല്ലെങ്കിൽ നൂൽ സപ്ലൈ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനുള്ള അനുവാദം കൊടുത്തിട്ടുള്ളത്, ഒറ്റ സഹകരണ സംഘത്തിനു പോലും ഈ യാൺ ഡിപ്പോയിൽ നിന്ന് അല്ലാതെ നൂൽ വാങ്ങാൻ കഴിയുകയില്ല. ആ നാല് ഡിപ്പോകളിൽ ഒന്ന് യാൺ കോർപ്പറേഷൻ, രണ്ട് ലിബ്റ്റാ യാൺ ഡിപ്പോ, മൂന്ന് വസന്തയാൺ കോർപ്പറേഷൻ, നാല് പയനീയർ യാൺ ഡിപ്പോ. ഈ നാല് ഡിപ്പോകളിൽ നിന്നും നൂൽ വാങ്ങുന്നത് കാശ് കൊടുത്തല്ല. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ കൗണ്ടർസൈൻ ചെയ്ത ക്രോസ്ഡ് ചെക്ക് കൊടുത്തിട്ടാണ് നൂൽ വാങ്ങുന്നത്. ഒരു കാരണവശാലും അതിൽ കള്ളം കാണിക്കാൻ കഴിയുകയില്ല. അതുപോലെ തന്നെ, മുഴുവൻ നൂലും ഡിപ്പോയിൽ വന്നുകഴിഞ്ഞാൽ, സഹകരണസംഘത്തിന്റെ ഗോഡൗണിൽ വന്നുകഴിഞ്ഞാൽ അത് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പരിശോധിക്കും. അങ്ങനെ പരിശോധിച്ചതിന് ശേഷം നൂൽ അവിടെയുണ്ട്; സ്റ്റോക്കിൽ കൊടുത്തിട്ടുണ്ട് എന്ന് സർട്ടിഫൈ ചെയ്യും. അങ്ങനെ സർട്ടിഫൈ ചെയ്ത് വടക്കേവിള സഹകരണ സംഘത്തിന് നൂൽ കൊടുത്തതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി എന്റെ കയ്യിലുണ്ട്. ഞാൻ അത് വെരിഫിക്കേഷനുവേണ്ടി മേശപ്പുറത്തു വയ്ക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ മറ്റൊരു വാദഗതി കൂടുതൽ പ്രൊഡക്ഷൻ ബൂസ്റ്റ് ചെയ്തു കാണിക്കുന്നുവെന്നാണ്. ബൂസ്റ്റ് ചെയ്യുന്നതല്ല. ഒരു തറിയിൽ അച്ഛനും അമ്മയും മക്കളും മാറിമാറി നെയ്ത് ഒരു ദിവസം 18 മണിക്കൂറും ഒരു തറി പ്രവർത്തിപ്പിച്ച് ഇരട്ടിയും മൂന്നിരട്ടിയും പ്രൊഡക്ഷൻ ഉണ്ടാക്കുന്ന എത്രയോ വീടുകൾ ഞങ്ങളുടെ നാട്ടിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വന്നാൽ കാണാൻ കഴിയും. അതുകൊണ്ട് പ്രൊഡക്ഷൻ ബൂസ്റ്റ് ചെയ്യുന്നതല്ല; മനഃപൂർവ്വം കള്ളം പറയുന്നതുമല്ല. ആയിരക്കണക്കിന് സ്വന്തമായുള്ള തറികളിൽ അച്ഛനും അമ്മയും മക്കളും മാറിമാറി നെയ്യുന്നതുകൊണ്ട് പ്രൊഡക്ഷൻ സാധാരണ ഗതിയിൽ തന്നെ ഇരട്ടിയും മൂന്നിരട്ടിയുമാകുന്നതാണ്. അത് കള്ളമാ മാണെന്നുകാണിച്ചുകൊണ്ട്, പ്രൊഡക്ഷൻ മനഃപൂർവ്വം കള്ളമായി ബൂസ്റ്റ് ചെയ്യുന്നത് കാണിച്ചുകൊണ്ട് റിബേറ്റ് ഗ്രാന്റ് തടയുന്നത് ഒരു കാരണവശാലും ശരിയല്ല. ഈ കഴിഞ്ഞ വർഷം നബാർഡിന്റെ നാലുകോടി ഉറുപ്പികയുടെ സഹായം ഈ പ്രദേശത്തുള്ള കൈത്തറി സഹകരണസംഘങ്ങൾക്ക് ലഭിച്ചിരുന്നു. ഇപ്പോൾ ഇതാണ് പോക്കെങ്കിൽ ഈ വരുന്ന സാമ്പത്തിക വർഷം ഒരു പൈസപോലും നബാർഡിന്റെ സഹായം ലഭിക്കാൻ പോകുന്നില്ല. ഈ 140 സഹകരണസംഘത്തെ ബഹുമാനപ്പെട്ട മന്ത്രി മരവിപ്പിച്ചതിന്റെ ഫലമായി പത്തിരുപതിനായിരത്തോളം അർദ്ധപട്ടിണിയിലുള്ള കുടുംബങ്ങൾ ഇന്ന് മുഴുപട്ടിണിയിലേക്ക് മാറിയിരിക്കുകയാണ്. ഒന്നുകിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഈ കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ തെറ്റിദ്ധരിപ്പിച്ചതാകും; അതല്ലെങ്കിൽ പല കാരണങ്ങളാൽ അദ്ദേഹത്തിന്റെ സ്വന്തം പാർട്ടി താല്പര്യം ആ പ്രദേശത്തില്ലാത്തതുകൊണ്ടാകാം. അതല്ലെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് സ്വാധീനമുള്ള ഒരു മേഖലയായതുകൊണ്ട് തകർന്നോട്ടെ എന്നുള്ളതുകൊണ്ട് മനഃപൂർവ്വം തകർക്കുന്നതാകാം. ഉദ്യോഗസ്ഥൻമാർ തെറ്റിദ്ധരിപ്പിച്ചതാണ് ഈ പ്രശ്നമെങ്കിൽ അദ്ദേഹം ഞാൻ ഹാജരാക്കുന്ന കടലാസുകൾ ദയവായി ഒന്ന് പരിശോധിച്ചുകൊണ്ട് ഈ കാര്യം ഒന്ന് പുനഃപരിശോധിച്ച് സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഗ്രാന്റ് അനുവദിച്ച് ആ സഹകരണ സംഘങ്ങൾക്ക് നിലനിൽക്കാനുള്ള അവസരമെങ്കിലും ഉണ്ടാക്കണമെന്ന കാര്യത്തിലേക്കാണ് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ബഹുമാനപ്പെട്ട വി.ജെ. തങ്കപ്പൻ പറഞ്ഞത് ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ഇത് അവതരിപ്പിച്ചപ്പോൾ ഇടയ്ക്ക് ഒന്നുരണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ദുസ്സൂചനകം നൽകിയത് ഞാൻ നിഷേധിക്കുന്നു. ഉദാഹരണമായിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട സഹകരണസംഘങ്ങം ആ ലോഗത്തില്ലാത്തതുകൊണ്ടാണോ എന്ന് അദ്ദേഹം ചോദിച്ചു. അപ്പോം ബഹുമാനപ്പെട്ട മെമ്പറും അദ്ദേഹത്തിന്റെ പാർട്ടിയും, അല്ലെങ്കിൽ അവർ ഇവിടെ ഭരിച്ചിരുന്നകാലത്തും പാർട്ടികളുടെ താൽപ്പര്യം നോക്കിയിട്ടാണ് ഇതൊക്കെ നടത്തിയതെന്ന് അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടോ എന്ന് . എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പാർട്ടിതാൽപ്പര്യമൊന്നും നോക്കിയിട്ടല്ല, ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ചില നോംസ് അനുസരിച്ചാണ് ഇതൊക്കെ ചെയ്തിട്ടുള്ളത്. ഒരു ദുരുദ്ദേശവും ഇതിൽ ഈ ഗവൺമെന്റിനില്ല. നല്ല കാര്യം നടത്തണമെന്നു മാത്രമേയുള്ളു. അത് ഈ സഭയിലെ എല്ലാ വിഭാഗക്കാരും സ്വീകരിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി തന്നെ ഈ കാര്യത്തിൽ ഗവൺമെന്റ് ഇത് ചെയ്യണമെന്നു തന്നെയാണ് പറഞ്ഞിട്ടുള്ളത് എന്നുകൂടി ഞാൻ പറയുകയാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് 1984-85-ൽ എൺപത്തിരണ്ടു ലക്ഷത്തിതൊണ്ണൂറിനാലായിരത്തി ഇരുന്നൂറിയഞ്ച് രൂപയുടെ ക്ലെയിംസും 1985-86-ൽ എൺപത്തിഏഴ് ലക്ഷത്തി എൺപത്തിയാറായിരത്തി എണ്ണൂറി ഇരുപത്തിയഞ്ച് രൂപയുടെ റിബേറ്റ് ക്ലെയിംസുമാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ 1984-85-ലെ ക്ലെയിംസിൽ നാളിതുവരെ 162 പ്രൈമറി സൊസൈറ്റികൾക്ക് 10 ശതമാനം അഡ്വാൻസായി ഒൻപതു ലക്ഷത്തി തൊണ്ണൂറി ഒൻപതിനായിരത്തി എണ്ണൂറി മുപ്പത്തി രണ്ട് രൂപയും 13 ഫാക്ടറി ടൈപ്പ് വ്യവസായസംഘങ്ങൾക്ക് 75 ശതമാനം അഡ്വാൻസായി മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരത്തി എണ്ണൂറി അറുപത്തിരണ്ട് രൂപയും നൽകിയിട്ടുണ്ട്. ഇതു കൂടാതെ പരിശോധന വേളയിൽ ക്രമക്കേടുകം ഇല്ലാതിരുന്ന 15 സഹകരണസംഘങ്ങൾക്ക് നാലുലക്ഷത്തി എൺപത്തിരണ്ടായിരത്തിമുന്നൂറിഅൻപത്തിമൂന്ന് രൂപയുടെയും ഗ്രാൻറ് റിബേറ്റിനത്തിൽ നൽകിയിട്ടുണ്ട്. ഞാൻ ഇതു പറയുന്നത് വെട്ടിപ്പില്ലാത്ത സൊസൈറ്റികൾക്കെല്ലാം കൊടുത്തിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. വെട്ടിപ്പുകണ്ടതായി അറിഞ്ഞപ്പോം, (ഇവിടത്തെ പത്രങ്ങളിൽ അതിനെപ്പറ്റി ധാരാളം റിപ്പോർട്ടുകം വന്നതാണ്) ജനറൽ മാനേജർ വെട്ടിപ്പുകണ്ടുപിടിച്ചപ്പോം അതുസംബന്ധിച്ചു പരിശോധനയാണ് നടത്തിയത്. ആദ്യം നടത്തിയ പരിശോധനയിലാണ് വെട്ടിപ്പുകണ്ടത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ളതുതന്നെ അന്നുള്ള വെട്ടിപ്പുകം കണ്ടതിനെപ്പറ്റിയാണ്. റിബേറ്റ് ക്ലെയിംസിന് വേണ്ടി ഒരുപാടു പെരിപ്പിച്ചുകാണിച്ചു എന്ന് കളള രേഖകം ചമച്ചുണ്ടാക്കിയതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. അങ്ങനെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോം ഒന്നുകൂടി അതിന്റെ സർവ്വേ നടത്തണമെന്ന് അവരുടെ തന്നെ നിവേദനം ഉണ്ടായിരുന്നു. അതനുസരിച്ചാണ് ഗവൺമെന്റ് ലാൽ ബഹദൂർ ശാസ്ത്രി റിസർച്ച് സെന്റർ, ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കാളിദാസ നിർണ്ണയ യൂണിറ്റ്, ഇക്കണോമിക് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്, ഹാൻഡ്ലൂം ഡിപ്പാർട്ടുമെന്റ് ഇത്രയും സംഘങ്ങം ഒരുമിച്ചുചേർന്നുകൊണ്ട് ഒരു സർവ്വേ നടത്തി നിജപ്പെടുത്താനായി തീരുമാനിച്ചത്. ആ സർവ്വെ കണ്ണൂരിൽ നിന്ന് ആരംഭിച്ച്, കാസർകോട് നിന്ന് ആരംഭിച്ച്, കൊല്ലം ജില്ല ഉൾപ്പെടെ സർവ്വേ നടത്തിയപ്പോം നെയ്യാറ്റിൻകര താലൂക്കിലെ ഒരു സംഘത്തിന്റെ പേരിലുള്ളവരാണ് കോടതിയെ സമീപിച്ചത്. ആ കേസ് ഇന്ന് കോടതിയിൽ വിചാരണയ്ക്കിരിക്കുകയാണ്. ആ കോടതി പറഞ്ഞിട്ടുള്ളത് .ഒരു നിലയിലും ഇതിനെ സംബന്ധിച്ച് വെരിഫിക്കേഷൻ നടത്താൻ പാടില്ലെന്നാണ്. ജില്ലാ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥൻമാർ ഈ സൊസൈറ്റികൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയപ്പോഴും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച 131 സംഘങ്ങളിൽ 130 എണ്ണത്തിലും പല വിധത്തിലുള്ള ക്രമക്കേടുകളും കണ്ടതായിട്ടാണ് ഗവൺമെൻറിന്റെ രേഖയിൽ പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഒരു അഭിഭാഷകനെപ്പോലെ തന്നെ ഈ സൊസൈറ്റികൾക്കുവേണ്ടി വാദിച്ചതിൽ എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, ഇതിന്റെ പരിശോധനാവേളയിൽ ഇതിന്റെ വാദമുഖങ്ങളും ഗവൺമെൻറിന്റെ മുന്നിൽ വയ്ക്കാം. അതിൽ വല്ല പിശകുമുണ്ടെങ്കിൽ തിരുത്താനും സൊസൈറ്റികൾ അങ്ങനെ ക്രമക്കേടുകൾ ചെയ്തിട്ടില്ലെങ്കിൽ അവർക്കുവേണ്ട സഹായം കൊടുക്കാനും ഗവൺമെൻറ് തയ്യാറാണ്. പരസ്യമായി രേഖാമൂലം കൃത്രിമം കാണിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഗവൺമെൻറ് അതിനെ സംബന്ധിച്ച് അന്വേഷിക്കരുത് എന്ന് പറയാൻ ബഹുമാനപ്പെട്ട മെമ്പർക്ക് സാധ്യമാണോ? ഗവൺമെൻറിന് ഇതിൽ യാതൊരു ദുരുദ്ദേശവുമില്ല. ആരേയും ബുദ്ധിമുട്ടിക്കണമെന്നുള്ള ഒരു ആഗ്രഹവുമില്ല. കഴിയുന്നത്ര കൊടുത്തിട്ടുണ്ട്. ഇന്നത്തെ കേന്ദ്രിൽതന്നെ ഒരുപക്ഷേ ഈ സ്റ്റേറ്റ് നീക്കിയാൽ ആ നിമിഷം തന്നെ വെരിഫിക്കേഷൻ നടത്തിയിട്ട് കൊടുക്കുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെ വെട്ടിപ്പു നടത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തുന്ന സൊസൈറ്റികളും ഉണ്ടെങ്കിൽ അവരോടും ഈ സൊസൈറ്റികളെ സഹായിക്കാൻ ആഗ്രഹിക്കുന്നതിനു തടസ്സം നിൽക്കുന്ന ബന്ധപ്പെട്ടവരോടും ചർച്ചനടത്തി ഇതിനു പരിഹാരം കാണാൻ ഉള്ള സഹകരണം ഉണ്ടാകണമെന്നു മാത്രമാണ്. പ്രത്യേകമായ യാതൊരു ദുരുദ്ദേശവും ഗവൺമെൻറിനില്ല. അതേയവസരം വെട്ടിപ്പും തട്ടിപ്പും നടത്തി ഈ റിബേറ്റ് ഇനത്തിലുള്ള പണം തട്ടിപ്പു നടത്താൻ ശ്രമിക്കുന്നവർ ആരായാലും ഗവൺമെൻറ് നടപടികളും എടുക്കും. ഇത്രമാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. വി.ജെ. തങ്കപ്പൻ : സർ, പട്ടിയെ പേപ്പട്ടിയാണെന്ന് പറഞ്ഞ് അടിച്ചുകൊല്ലാൻ ശ്രമിക്കുന്നതുപോലെ വെട്ടിപ്പാണെന്നു പറഞ്ഞാൽ ജനങ്ങളും പത്രക്കാരുമെല്ലാം അതിന്റെ പിറകെ നിൽക്കുമല്ലോ ? അതാണ് ഇതിന്റെ ഉദ്ദേശം. എനിക്ക് പറയാനുള്ളത് ഞാൻ ചില രേഖകൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ആ രേഖകൾ ഒന്ന് പരിശോധിച്ചിട്ട് ഈ കാര്യം പുനഃപരിശോധിക്കാനും അങ്ങനെ കൈത്തറി സഹകരണ സംഘങ്ങളേയും ഏകദേശം പത്തുപതിനേഴായിരത്തോളം വരുന്ന കുടുംബങ്ങളേയും സംരക്ഷിക്കാനും അങ്ങ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, ഞാൻ ആദ്യം പറഞ്ഞു ഇതിൽ യാതൊരു ദുരുദ്ദേശവുമില്ലെന്ന്. ഇതൊക്കെ പരിശോധിക്കാവുന്നതാണ്. പക്ഷേ പരിശോധിക്കുന്നതിനുപോലും കോടതിയുടെ വിധി തടസ്സമായി എന്നാണ് പറഞ്ഞത്. ഞാൻ പട്ടിയെ പേപ്പട്ടി എന്നല്ല വിളിച്ചത്. ബഹുമാനപ്പെട്ട മെമ്പറെപ്പോലുള്ള ചില ആളുകൾ ആടിനെ പട്ടിയാക്കുന്ന പ്രചരണങ്ങൾ നടത്തിക്കൊണ്ട് സത്യത്തെ സത്യമല്ലാതാക്കി തീർക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. അത് ജനങ്ങൾക്കും പത്രക്കാർക്കും നല്ലതുപോലെ അറിയാം.

2 ഗൾഫ് നാടുകളിൽനിന്നും മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാസം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, അതിരൂക്ഷമായ കേരളത്തിലെ തൊഴിലില്ലായ്മ പ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരം കണ്ടിരുന്നത് ഗൾഫ് മേഖലയിലെ തൊഴിൽസാദ്ധ്യതകളായിരുന്നു. ഈയടുത്തയവസരത്തിൽ ഒപ്പെക്സ് രാജ്യങ്ങൾ എണ്ണവില കുറച്ചതിന്റെ പേരിൽ അവിടെ

LIBRARY ARCHIVES Kerala Legislative Assembly